# പതിമൂന്നാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 902    30.06.2015 - ൽ മറുപടിക്ക്

## ശുദ്ധജലക്ഷാമം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.വി.എം. ഉമ്മർ മാസ്റ്റർ<br>ശ്രീ.കെ.എൻ.എ.ഖാദർ<br>ശ്രീ.പി.ഉബൈദുള്ള<br>ശ്രീ.എൻ.എ. നെല്ലിക്കുന്ന് | പി ജെ. ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് ശുദ്ധജലക്ഷാമം ഉണ്ടാകാനുള്ള കാരണങ്ങൾ എന്തൊക്കെയാണെന്ന് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ; | (എ) ഉണ്ട്. കേരളത്തിന് ഓരോ വർഷവും ലഭ്യമാകുന്ന മഴയുടെ അളവിൽ കുടിവെള്ളത്തിനാവശ്യമായ തോതിൽ ജലം ഭൂമിയിലും നദികളിലും മറ്റു ജലസ്രോതസ്സുകളിലും സംരക്ഷിക്കാൻ നിലവിലുള്ള സംവിധാനം അപര്യാപ്തമാകുന്നതും, ഭൂമിനികത്തൽ, പുഴകളിൽ നിന്നുള്ള അമിതമായ രീതിയിലുള്ള മണലെടുപ്പും, നദികളിൽ മാലിന്യങ്ങൾ നിക്ഷേപിക്കുന്നതും ശുദ്ധജലത്തിന്റെ ലഭ്യതക്കുറവിനുകാരണമാകുന്നു. കൂടാതെ ജനസംഖ്യാവർദ്ധനവിനൊപ്പം കുടിവെള്ളത്തിന്റെ ഉപഭോഗം ക്രമാതീതമായി വർദ്ധിച്ചതും, വ്യാവസായികമേഖല, ഐ.ടി. മേഖല, ഫ്ളാറ്റ് സമുച്ചയങ്ങൾ എന്നിവയുടെ വളർച്ച, കാലാവസ്ഥയിൽ വന്നിട്ടുള്ള വ്യതിയാനങ്ങളും ശുദ്ധജലക്ഷാമം ഉണ്ടാകാൻ കാരണമാകുന്നുണ്ട്. |
| (ബി) കുടിവെള്ള സ്രോതസ്സുകൾ മലിനപ്പെടുത്തിയും, ജലവിതരണ പൈപ്പുകൾക്ക് തകരാർ വരുത്തിയും കുടിവെള്ള വിതരണ മാഫിയ മുതലെടുപ്പ് നടത്തുന്നതായ റിപ്പോർട്ടുകൾ ശ്രദ്ധയിൽവന്നിട്ടുണ്ടോ; എങ്കിൽ അതു തടയാൻ സ്വീകരിച്ച മുൻകരുതലുകൾ വിശദമാക്കുമോ; | (ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

| | | | |
|---|---|---|---|
| (സി) | കുടിവെള്ള ആവശ്യത്തിന് കുടിവെള്ളവും, മറ്റാവശ്യങ്ങൾക്ക് അവയക്കനുയോജ്യമായ വെള്ളവും ആവശ്യാനുസരണം വിതരണം ചെയ്യാൻ നടപടി സ്വീകരിക്കുമോ; | (സി) | നടപടി സ്വീകരിക്കുന്നതാണ്; |

സെക്ഷൻ ഓഫീസർ